പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3105 24.2.2016 ൽ മറുപടിയ്ക്ക്

**ജനസമ്പർക്ക പരിപാടിയിലെ പരാതിക്കുള്ള പരിഹാരം**

| ചോദ്യം<br>ശ്രീ.മോൻസ് ജോസഫ് | മറുപടി<br>ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|
| എ) മരണപ്പെട്ട അച്ഛനും അമ്മയും എടുത്ത ലോണിന് ജാമ്യം നൽകി കിടപ്പാടം ജപ്തി ചെയ്യരുതെന്ന് കാണിച്ച് വൈക്കം താലൂക്കിൽ മുട്ടുചിറ വില്ലേജിൽ വാലാച്ചിറ കരയിൽ കുമാരി ദിവ്യ മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ ലോൺ എഴുതിത്തള്ളണമെന്ന് കാണിച്ച് രണ്ട് പ്രാവശ്യം നൽകിയിരുന്ന പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | എ) കുമാരി ദിവ്യ ജനസമ്പർക്ക പരിപാടികളിൽ നൽകിയ രണ്ട് പരാതികളും കോട്ടയം ജില്ലയിലെ സഹകരണ വകുപ്പ് ജോയിന്റ് രജിസ്ട്രാർക്ക് (ജനറൽ) നൽകുകയും അവയിൽ ഒന്നാമത്തേതിന് വായ്പ തീർക്കുന്ന പക്ഷം 68,600/- രൂപ പലിശയിനത്തിൽ ഇളവ് നൽകാമെന്നും രണ്ടാമത്തെ പരാതിക്ക്, പലിശയിനത്തിൽ 9846/- രൂപ ഇളവ് നൽകാമെന്നും കോട്ടയം ജില്ലാകളക്ടർ റിപ്പോർട്ട് നൽകിയിട്ടുണ്ട്. |
| ബി) ആയതിന്റെ ഫയൽ നമ്പർ വ്യക്തമാക്കാമോ; ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ; കടുത്തുരുത്തി സഹകരണ ബാങ്ക് ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ ? | ബി) പരാതികളുടെ ഫയൽ നമ്പർ യഥാക്രമം KTXQ 208297, ML 505460 എന്നിവയാണ്. പ്രസ്തുത വായ്പയിൽ മുതലിനത്തിൽ 59,376/- രൂപയും പലിശയും പിഴപലിശയുമായി 71,970/- രൂപയും ഉൾപ്പെടെ 1,31,346/- രൂപ അടയ്ക്കുവാനുണ്ട്. മുതലിനത്തിലുള്ള 59,376/- രൂപ അടയ്ക്കുകയാണെങ്കിൽ പലിശയിളവ് നൽകാമെന്ന് ബാങ്ക് അറിയിച്ചിട്ടുണ്ട്. ജപ്തി നടപടികൾ ഒഴിവാക്കിയിട്ടുണ്ട്. |

Kunakuh

സെക്ഷൻ ഓഫീസർ